# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണർക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ ടി എം/പി13/510/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണർക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ ടി എം/പി13/510/2022 തീയ്യതി: 25/03/2022

## കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ എം.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-03-2022 | 15-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 15-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീമതി.ഇന്ദുലേഖ.എ,ഓഡിറ്റ്ഓഫീസർ,
ശ്രീമതി.സുനിത.എം.എസ്,അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ,
ശ്രീ.സുനിൽകുമാർ.ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ജോഷി തോമസ്,ഓഡിറ്റർ,
ശ്രീമതി.ജാസ്മിൻ.എസ്,ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിസി ബേബിച്ചൻ | പ്രസിഡന്റ് | 01-04-2019 | 21-12-2019 |
| റജി.എം.ഫിലിപ്പോസ് | പ്രസിഡന്റ് | 22-12-2019 | 27-01-2020 |
| ശ്രീമതി. സുജ സാമുവൽ | പ്രസിഡന്റ് | 28-01-2020 | 31-03-2020 |
| ശ്രീ .വി.കെ.രാജീവ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.നാൻസമ്മ തമ്പി | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി ഷാന്റി എ കെ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ.തോമസ് ബോബി മാത്യൂസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സന്തമകുമാരി റ്റി എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ദീപ കൃഷ്ണൻകുട്ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ. ബിനോയ് പി മാത്യൂ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി വിജി വിശ്വനാഥ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.രമ്യ.എം | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീമതി ബീന സി ജെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. സുകുമാരി | മെഡിക്കൽ ഓഫീസർ – ഹോമിയോ | 01-04-2019 | 31-03-2020 |
| ലൈസാമ്മ സേവ്യർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 02-12-2019 |
| റോയ്.കെ.മാത്യൂ | അസിസ്റ്റന്റ് സെക്രട്ടറി | 03-12-2019 | 20-12-2019 |
| ശ്രീ.സുധീർ.എൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 21-12-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jasmine (Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: A Indulekha (Audit Officer, On 18-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Jasmine (Auditor, On 12-03-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-10 |
| 11 | വസ്തുനികുതി കുറവായി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-11 |
| 12 | ഒരു വ്യക്തിയുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി , ഉപനികുതി ഒഴിവാക്കിയത്.<br>Written By: Joshy Thomas (Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-12 |
| 13 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-13 |
| 14 | തെരുവ് വിളക്ക്, പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല – കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് ഇനങ്ങളിൽ പഞ്ചായത്തിന് വൻ ചെലവ്<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-14 |
| 15 | ഗവ. സ്കൂളിലെ താൽക്കാലിക അധ്യാപികയ്ക്ക് പഞ്ചായത്തിൽ നിന്നും ശമ്പളം നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-15 |
| 16 | പൊതു ടാപ്പ് വെള്ളക്കരം കുടിശ്ശിക -കണക്കുകളിൽ അവ്യക്തത | 1-16 |

| | | |
|---|---|---|
| | Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | |
| 17 | ജനറേറ്ററിന്റെ ലോഗ് ബുക്കിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-17 |
| 18 | മഴക്കാല പൂർവ ശുചീകരണം - 2019-20 – തൊഴിലാളികളുടെ കൂലി കണക്കാക്കിയതിൽ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-18 |
| 19 | വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - തുക നൽകിയെങ്കിലും പ്രിന്റർ ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Prasad P G (Audit Officer, On 18-03-2022) | 1-19 |
| 20 | പഠനമുറി നിർമ്മാണം (എസ്.റ്റി) - വാല്യുവേഷൻ ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Prasad P G (Audit Officer, On 18-03-2022) | 1-20 |
| 21 | വീട് വാസയോഗ്യമാക്കൽ - ചെലവ് രേഖകൾ അപൂർണ്ണം<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-21 |
| 22 | വൃദ്ധർക്ക് കട്ടിൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 17-03-2022)<br>Last Updated By: Prasad P G (Audit Officer, On 18-03-2022) | 1-22 |
| 23 | കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്ത മരാമത്ത് പ്രവൃത്തികൾ- നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-23 |
| 24 | ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെയും നിയമാനുസൃത പിഴ ഈടാക്കാതെയും തുക നല്കി<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-24 |
| 25 | ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക അധികം നല്കി<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2022) | 1-25 |
| 26 | 171-ാം നം. അങ്കണവാടി മുന്നൊരുക്കം -അപാകതകൾ.<br>Written By: Sunitha M S (Senior Grade Auditor, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-26 |
| 27 | റീ ടാറിംഗ് പ്രവൃത്തികൾ- കാലിബാരലിന്റെ വില ഈടാക്കിയില്ല<br>Written By: Sunitha M S (Senior Grade Auditor, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെയും നിയമാനുസൃത പിഴ ഈടാക്കാതെയും തുക നല്കി<br>Written By: Anju P Natarajan (Computer Assistant, On 25-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 3-1 |
| 2 | ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക അധികം നല്കി<br>Written By: Anju P Natarajan (Computer Assistant, On 25-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 3-2 |
| 3 | 171-ാം നം. അങ്കണവാടി മുന്നൊരുക്കം -അപാകതകൾ.<br>Written By: Anju P Natarajan (Computer Assistant, On 25-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 3-3 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A Indulekha (Audit Officer, On 16-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4.5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jasmine (Auditor, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jasmine (Auditor, On 15-03-2022)<br>Last Updated By: Jasmine (Auditor, On 15-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jasmine (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 22.02.2020 ലെ 3/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 10023782 | 62410275.65 |
| വരവ് | 209740000 | 71985883 |
| ആകെ | 219763782 | 134396158.65 |
| ചെലവ് | 203340000 | 106243958 |
| നീക്കിയിരിപ്പ് | 16423782 | 28152200.65 |

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 03/05/2020ലെ 10(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ്62410275 രൂപയും തൻവർഷ വരവ്71985883 രൂപയും തൻവർഷചെലവ് 106243958.65രൂപയും വർഷാവസാന നീക്കിയിരിപ്പ്28152200 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം രൂപയും 98998533ആകെ ചെലവ് 97433538രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3)B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

4) ലോൺ രജിസ്റ്റർ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

5) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) B -9 ഷെഡ്യൂളിൽ സർക്കാറിലേയക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

7) B-18 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 62410275.65 |
| ഓഡിറ്റ് വർഷത്തെ വരവ് | 71985883 |
| ആകെ | 134396158.65 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 106243958 |
| നീക്കിയിരിപ്പ് | 28152200.65 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29537 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2671742 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14245383 | 14245383 | 8302047 | 5943336 | 59 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4701000 | 4701000 | 3970300 | 730700 | 85 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 730000 | 730000 | 509640 | 220360 | 70 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8977213 | 8977213 | 3707439 | 5269774 | 41 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 12733000 | 12733000 | 6611502 | 6121498 | 51 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 3508000 | 3508000 | 2544908 | 963092 | 72 |
| ഐെസിഡിഎസ് ഫണ്ട് | 677235 | 472169 | 1149404 | 216759 | 932645 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1767473 | 1000 | 1768473 | 250000 | 1518473 | |

ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം ജി.ഒ പ്രോജക്ടുകൾക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് ഇതിനായി പ്രോജക്ട് തയ്യാറാക്കാത്തതിനാൽ പ്രസ്തുത ചെലവ് ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രതിഫലിച്ചിട്ടില്ല.

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, കേന്ദ്ര- സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

വാർഷികപദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 04.11.2018 ൽ യോഗം ചേരുകയുണ്ടായി. പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. പദ്ധതി രൂപീകരണ ഗ്രാമസഭ 19.12.2018 മുതൽ 25.12.2018 വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. 28.12.2018 ലെ വികസന സെമിനാറിൽ പദ്ധതി നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. ഇപ്രകാരം വിവിധതലങ്ങളിലെ ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം ഉരുത്തിരിഞ്ഞ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ലെ 09.03.2020 ലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 260 | 149 | 104726289 | 35889633 | 34.26 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 2339304 | 472874 |
| 2 | വെറ്ററിനറി സർജൻ | 4 | 4 | 2238000 | 1363000 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 5 | 5 | 902331 | 667318 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 1060794 | 997481 |
| 6 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 18 | 11 | 15390626 | 6433525 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 4498500 | 3022350 |
| 8 | സെക്രട്ടറി | 20 | 10 | 10194856 | 3430521 |
| 9 | അസിസ്റ്റന്റ് എൻജിനീയർ. | 186 | 95 | 66267399 | 17878400 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 707875 |
| 11 | ഹെഡ് മാസ്റ്റർ | 6 | 5 | 772539 | 654349 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി. | 4 | 4 | 161940 | 161940 |
| | ആകെ | 260 | 149 | 104726289 | 35889633 |

അംഗീകാരം ലഭിച്ച ആകെ പ്രോജക്ടുകളിൽ 111 എണ്ണം നടപ്പിലാക്കിയില്ല.കൂടാതെ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 34 ശതമാനം മാത്രമാണ് ചെലവഴിച്ചത്. സ്പിൽ ഓവറായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പോലും പൂർത്തീകരിക്കുന്നില്ല.സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച96

പ്രോജക്ടുകളിൽ 24 എണ്ണം നടപ്പാക്കിയില്ല.

13ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ ,സാമൂഹ്യനീതി ,സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്.സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം,ലൈഫ്,പൊതുവിദ്യാഭ്യാസസംരക്ഷണം,ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നവിധം പ്രോജക്ടുകൾ വിഭാവനം ചെയ്തുവെങ്കിലും ലക്ഷ്യപ്രാപ്തി ഭാഗികമാണ്.

സ്ത്രീകൾ,കുട്ടികൾ,ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ,വൃദ്ധർ എസ്.സി,എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ,അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്.സ്ട്രീറ്റ് ലൈറ്റ് അനുബന്ധസാമഗ്രികൾ വാങ്ങൽ,സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നിങ്ങനെയുള്ള പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്.

റോഡുകളുടെ കോൺക്രീറ്റിംഗാണ് മരാമത്ത് പ്രവൃത്തികളിൽ നടപ്പാക്കിയവയിലേറെയും.കൂടാതെ ടാറിംഗ് പ്രവൃത്തികൾ,കുടിവെള്ളപദ്ധതികൾ,കലുങ്കുകളുടെയും,സംരക്ഷണഭിത്തികളുടെയും നിർമ്മാണം,മണർകാട് പി.എച്ച്.സിയുടെ നിർമ്മാണ പ്രവൃത്തികൾ, അങ്കണവാടികൾ,സ്കൂളുകൾ എന്നിവയുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്ത പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വാർഡടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയാറാക്കുന്നതുമൂലം തുച്ഛമായ തുക മാത്രം വകയിരുത്തുന്ന സാഹചര്യവും പ്രോജക്ട് പലവർഷങ്ങൾ കഴിഞ്ഞാലും ഫലപ്രാപ്തിയിലെത്താത്ത സാഹചര്യവും നിലനില്ക്കുന്നു.കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം,ഫലപ്രാപ്തി,കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത ,തുടർപുരോഗതിയുടെ സാദ്ധ്യത എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് നൽകുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന ,സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം.

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

<u>സർക്കാർ ഗ്രാന്റുകൾ ലാപ്സായത്.</u>

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 14245383 | 8302047 | 5943336 |
| വികസന ഫണ്ട്- എസ്.സി.പി | 4701000 | 3990300 | 730700 |
| വികസന ഫണ്ട്- | 730000 | 509640 | 220360 |

| | | | |
|---|---|---|---|
| ടി.എസ്.പി. | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8977213 | 3707439 | 5269774 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 12733000 | 6611502 | 6121498 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 3508000 | 2544908 | 963092 |
| ആകെ | | | 19248760 |

പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതുൾപ്പെടെ സർവ്വതോമുഖമായ വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന പണം പ്രോജക്ടുകൾ യഥാസമയം നിർവഹിക്കുന്നതിലുണ്ടാവുന്ന വീഴ്ചകൾ മൂലം നഷ്ടപ്പെടുന്നത് ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലെ അനാസ്ഥ മൂലമാണ് .വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20വർഷം 505പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 328 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 320പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതില് 280പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്.25627തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 505കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്,മഴക്കുഴി, കയർ ഭൂവസ്ത്രം, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ , റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2019-20വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | |
| വരവ് | ഇ.എഫ് എം.എസ് വരവ് | 7718535 | 8655492 |
| | ക്യാഷ് വരവ് പലിശ ഉൾപ്പെടെ | 936957 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 6904823 | 8540813 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 180641 | |
| | ഉപകരണങ്ങളുടെ വില, വാടക | 633070 | |
| | ഭരണചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 822279 | |
| നീക്കിയിരുപ്പ് | | 114679 | |

## 1-7 ക്ഷേമ പദ്ധതികൾ

2019-20 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13440 | 8 |
| കർഷകതൊഴിലാളി | 927000 | 265 |
| വിധവാ പെൻഷൻ | 2037600 | 582 |
| വാർദ്ധക്യകാല പെൻഷൻ | 8652600 | 2354 |
| വികലാംഗ പെൻഷൻ | 804000 | 235 |
| 50 വയസിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 77400 | 23 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2022 ,3.15 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49516/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ മെച്ചപ്പെട്ടിരുന്നതായാണ് കാണപ്പെട്ടത്. ഓരോജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക,അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക,ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്.പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്.ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ,എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയുംപുരോഗതി കൈവരിക്കേണ്ടതുണ്ട്.സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും ,സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെങ്കിലും പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വ്യക്തതയില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ,ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനില്ക്കുന്നു .അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ്കാര്യക്ഷമമായിരുന്നില്ല.മരാമത്ത്

പ്രവൃത്തികളുടെ ഫയലുകളിൽ ടെന്റർ രേഖകൾ,പ്രവൃത്തിയുടെ നിർവഹണ കലണ്ടർ,കരാറുകാരനുള്ള സെലക്ഷൻ നോട്ടീസ്,തുടങ്ങി അവശ്യരേഖകൾ ഉൾപ്പെടുത്തുന്നില്ല. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭായോഗങ്ങൾ ചേരുന്നതിലും മിനിറ്റ്സുകൾ ശരിയായി പൂർത്തീകരിക്കുന്നതിലും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും അപ്രകാരം ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/05/2019 | 03/2019, 04/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/02/2020 | 2014-15 മുതൽ 2018-19വരെ | - |

## 1-11 വസ്തുനികുതി കുറവായി നിർണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കുറവ് വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ,ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 30/ച.മീ എന്ന നിരക്കിലും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 50/ച.മീ. എന്ന നിരക്കുമാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. വസ്തുനികുതി പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 100ച.മീറ്ററിൽ താഴെ എന്ന് രേഖപ്പെടുത്തി നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം/കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) | നിർണയിച്ച വസ്തുനികുതി (വർദ്ധനവും ഇളവുകളും ഉൾപ്പെടെ) | നിർണയിക്കേണ്ട വസ്തുനികുതി (വർദ്ധനവും ഇളവുകളും ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 12/98 B, സജീവ് എബ്രഹാം, ഒറ്റപ്ലാക്കലായ പടിഞ്ഞാറെക്കുറ്റ് | 120 | 120*30+5%LC+ 2%സർവീസ് ചാർജ് =3852 | 120*50+5%LC+ 2%സർവീസ് ചാർജ് =6420 |
| 2 | 12/98 A1, സജീവ് എബ്രഹാം, ഒറ്റപ്ലാക്കലായ പടിഞ്ഞാറെക്കുറ്റ് | 170 | 170*30+20% (വഴി)=6120+5%LC+ 2%സർവീസ് ചാർജ്=6549 | 170*50+20% (വഴി)=10200+5%LC+ 2%സർവീസ് ചാർജ്=10914 |
| 3 | 15/57J, കെ.വി.സുമേഷ്, മാലം | 150 | 150*30-10%(മേൽക്കൂര) +20%(വഴി)=4950+5%LC+ 2%സർവീസ് ചാർജ്=5297 | 150*50-10%(മേൽക്കൂര) +20%(വഴി)=8250+5%LC+ 2%സർവീസ് ചാർജ്=8828 |

കൂടാതെ ക്രമ നം.1,2 എന്നീ കെട്ടിടങ്ങൾ ഒരേ പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളാണെങ്കിലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20 % വർദ്ധനവ് 12/98B എന്ന കെട്ടിടത്തിന് ബാധകമാക്കിയിട്ടുമില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് മൂന്നു കെട്ടിടങ്ങളുടെയും നികുതി ഉയർന്ന നിരക്കിലേക്ക് പുനർനിർണയിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 12/98 ബി എന്ന കെട്ടിടത്തിന് വഴിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ബാധകമാക്കിയല്ല നികുതി പുനർനിർണയിച്ചത്. ആയത് പരിശോധിച്ച് നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ഒരു വ്യക്തിയുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി , ഉപനികുതി ഒഴിവാക്കിയത്.

വസ്തുനികുതി പരിശോധനയിൽ സർക്കാർ ഉത്തരവ് ഓർഡർ നം.144/15, 358/15 എന്നിവ പ്രകാരം നികുതി ഒഴിവാക്കപ്പെട്ട താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ ശ്രദ്ധയിൽ പെട്ടു. ഈ ഉത്തരവു പ്രകാരമുള്ള ആനുകൂല്യം 60 ച.മീറ്ററിൽ(660 സ്ക്വയർ ഫീറ്റ്) വരെ വിസ്തീർണമുള്ളതും ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തി സ.ഉ(എം.എസ്.) നം. 358/15 തീ.16.12.15 സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് ഒരേ വ്യക്തിയുടെ രണ്ട് കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെന്നു കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | സഞ്ചയ പ്രകാരം കെട്ടിട ഉടമ | തറ വിസ്തീർണം (ച.മീ) |
|---|---|---|---|
| 1 | 17/386 | എം.പി.ശശികുമാർ, ശ്രീകൃഷ്ണവിലാസം | 60 |
| 2 | 17/387 | എം.പി.ശശികുമാർ, ശ്രീകൃഷ്ണവിലാസം | 56 |
| 3 | 16/216 | എബ്രഹാം ജോൺ, ഈരച്ചേരിൽ | 53 |
| 4 | 16/217 | എബ്രഹാം ജോൺ, ഈരച്ചേരിൽ | 43 |
| 5 | 12/373 | കുരുവിള എബ്രഹാം, മുണ്ടടിയിൽ | 58 |
| 6 | 12/374 | കുരുവിള എബ്രഹാം, മുണ്ടടിയിൽ | 50 |
| 7 | 12/120 | കുഞ്ഞച്ചൻ, പുറവന്താനം | 55 |
| 8 | 12/120 A | കുഞ്ഞച്ചൻ, പുറവന്താനം | 57.76 |
| 9 | 10/317 | ജോസഫ് കാരയ്ക്കാട്ട് | 51 |

| | | | |
|---|---|---|---|
| 10 | 10/317 A | ജോസഫ് കാരയ്ക്കാട്ട് | 24.32 |
| 11 | 7/155 C | സത്യൻ കെ.എസ്., തെക്കേക്കുറ്റ് കരോട്ട് | 48.81 |
| 12 | 7/156 A | സത്യൻ കെ.എസ്., തെക്കേക്കുറ്റ് കരോട്ട് | 45 |

മേൽ വ്യക്തികളുടെ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ഇളവ് ഒരു കെട്ടിടത്തിന് മാത്രമാക്കി വസ്തുനികുതി പുനർനിർണയിച്ചിട്ടുണ്ട്. സഞ്ചയ ഡേറ്റാ ബേസിൽ ഇത്തരത്തിൽ ഇളവ് അനുവദിക്കപ്പെട്ടിട്ടുള്ള കൂടുതൽ കെട്ടിടങ്ങളുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ നികുതി പുനർനിർണയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| സ്ഥാപനം | തൊഴിൽ നികുതി | സ്ഥാപന നികുതി |
|---|---|---|
| ബേസ് ഹോസ്പിറ്റൽ,മണർകാട് | 2അർദ്ധവർഷം | - |
| കോട്ടയം ഡിസ്ട്രിക്റ്റ് കോപറേറ്റീവ് ബാങ്ക് | 2അർദ്ധവർഷം | 2അർദ്ധവർഷം |
| സെന്റ് മേരീസ് ഏജൻസീസ് മണർകാട് | 1അർദ്ധവർഷം | - |
| ആക്സിസ് ബാങ്ക്,മണർകാട് | 1അർദ്ധവർഷം | - |
| റാപ്പിഡ് സൊല്യൂഷൻ | 2അർദ്ധവർഷം | - |
| പയനിയർ ഇൻഡസ്ട്രീസ് മണർകാട് | 2അർദ്ധവർഷം | - |
| മറ്റത്തിൽ ഓട്ടോമൊബൈൽസ്, മണർകാട് | 2അർദ്ധവർഷം | - |
| വടവാളൂർ | 1&2 | - |

| | | |
|---|---|---|
| ക്ഷീരോൽപാദക സഹകരണ സംഘം | അർദ്ധവർഷം | |
| ഹോട്ടൽ മോണാർക് | 2 അർദ്ധവർഷം | - |
| അഞ്ചക്കാട് ഫിനാൻസ് | 1&2 അർദ്ധവർഷം | - |
| ഐ.സി.എം.എസ് അക്കാഡമി | 1&2 അർദ്ധവർഷം | - |
| സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | - | 2 അർദ്ധവർഷം |
| മത്സ്യഫെഡ് ഔട്‌ലറ്റ്, മണർകാട് | 1&2 അർദ്ധവർഷം | 1&2 അർദ്ധവർഷം |
| വിജയപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം | 1&2 അർദ്ധവർഷം | - |
| ജനനി ടൂറിസ്റ്റ് ഹോം | 1&2 അർദ്ധവർഷം | 2 അർദ്ധവർഷം |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ,റേഷൻ കടകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഈ വിഷയങ്ങളെക്കുറിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.2, തീയതി 06.03.2022) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭിച്ചു.

1-14 തെരുവ് വിളക്ക്, പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല - കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് ഇനങ്ങളിൽ പഞ്ചായത്തിന് വൻ ചെലവ്

റർബർ മിഷന്റെ ഭാഗമായും പ്ലാൻ ഫണ്ട് വഴിയും കോടിക്കണക്കിന് രൂപ കെ.എസ്.ഇ.ബി യിൽ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി ഒടുക്കിയിട്ടുണ്ട്. ഇതിൽ ഓട്ടോമാറ്റിക് മീറ്ററിംഗ് സംവിധാനവും ഉൾപ്പെടുന്നു. എന്നാൽ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് കൃത്യമായി നിർണ്ണയിക്കുന്നതിനായി വൈദ്യുത പോസ്റ്റുകളിൽ നാളിതുവരെ ഓട്ടോമാറ്റിക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി യും പഞ്ചായത്തും സംയുക്ത പരിശോധന നടത്തിയതായി രേഖയില്ല. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ എത്രയുണ്ടെന്ന് പഞ്ചായത്തിൽ വ്യക്തമായ കണക്കില്ല. നിലവിലുള്ള ലൈറ്റുകളിൽ ബഹുഭൂരിപക്ഷവും ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി ലൈറ്റുകളായി മാറിയെങ്കിലും സംയുക്ത പരിശോധനയുടെ അഭാവത്തിൽ ഉർജ്ജക്ഷമത കുറഞ്ഞതും വൈദ്യുതി ചാർജ്ജ് കൂടിയതുമായ പഴയ സാധാരണ ബൾബുകളുടെ (40W, 60W, 100W) താരിഫ് നിരക്കിലാണ് കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി നൽകിയിട്ടുള്ള ബില്ലിൽ പ്രീവിയസ് റീഡിംഗ്, ഫൈനൽ റീഡിംഗ്, ഉപയോഗിച്ച വൈദ്യുതി തുടങ്ങിയ വിവരങ്ങളുടെ അടിസ്ഥാനത്തിലല്ല എനർജി ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്. എല്ലാ മാസവും ഒരു നിശ്ചിത തുക 8A താരിഫിൽ ബില്ലായി നൽകുകയാണ് ചെയ്തു വരുന്നത്(ഉദാ. കൺസ്യൂമർ നം.1146310010673 - 147042/-). ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കും ഓരോ മാസവും പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കാനിടയാകുന്നു.

സമാനമായ രീതിയിൽ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ഓരോ മാസവും 71313/- രൂപ

പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോരിറ്റിയിൽ ഒടുക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോരിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിട്ടി ഓരോ മാസവും നൽകുന്ന ബില്ലിൽ 163 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് (ഒരു ടാപ്പിന് ഒരു വർഷം 5250/-) ഉൾപ്പെടുത്തിയിട്ടുള്ളത്.

കൃത്യമായി കണക്കെടുക്കാത്തതിനാൽ മേൽപ്പറഞ്ഞ രീതിയിൽ പഞ്ചായത്തിന്റെ പണം ഗണ്യമായ തോതിൽ വിവിധ ഏജൻസികൾക്ക് നൽകാനിടയാകുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/8.03.2022) കെ.എസ്.ഇ.ബി, വാട്ടർ അതോരിറ്റി എന്നീ ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതാണെന്നും അപാകത പരിഹിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഗവ. സ്കൂളിലെ താൽക്കാലിക അധ്യാപികയ്ക്ക് പഞ്ചായത്തിൽ നിന്നും ശമ്പളം നൽകി

ഓഡിറ്റ് വർഷം മാലം ഗവ. യു.പി.സ്കൂളിൽ നിയമിക്കപ്പെട്ട ഒരു താൽക്കാലിക അധ്യാപികയ്ക്ക് പ്രതിമാസം 5000/- രൂപ നിരക്കിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല ഗവ.സ്കൂളിലെ താൽക്കാലിക അധ്യാപികയ്ക്ക് പഞ്ചായത്തിൽ നിന്നും വേതനം അനുവദിച്ചത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/8.03.2022) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇത്തരം ചെലവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 പൊതു ടാപ്പ് വെള്ളക്കരം കുടിശ്ശിക -കണക്കുകളിൽ അവ്യക്തത

പഞ്ചായത്തിൽ 19-20 വർഷം 163 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 71313 രൂപ മുടക്കം കൂടാതെ അടവു വരുത്തിയിരുന്നു. വാട്ടർ അതോറിറ്റിയുടെ ഡിസംബർ 2019 ലെ ഡിമാന്റ് പ്രകാരം 30.11.19 ൽ യാതൊരു കുടിശ്ശികയും ഇല്ലാതിരുന്നതും തൻമാസത്തെ ഡിമാന്റ് തുകയായ 71313 രൂപ അടവു വരുത്തുകയും ചെയ്തിരുന്നു. എന്നാൽ ജനവരി 2020 ലെ ഡിമാന്റ് പ്രകാരം 319620 രൂപ കുടിശ്ശികയുണ്ടെന്നു കാണിച്ച് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ട്. എപ്രകാരമാണ് ഇത്തരത്തിൽ കുടിശ്ശിക വന്നത് എന്നതിന് വ്യക്തതയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിസംബർ 2019 | 1/2020 | 2/2022 |
|---|---|---|---|
| Closing Balance | 30.11.19 - 0 | 31.12.19-319620 | 31.01.2022 -657309 |
| ഫൈൻ | 0 | 6392 | 12863 |
| തൻ മാസ ഡിമാന്റ് | 71313 | 71313 | 74885 |
| ആകെ | 71313 | 397325 | 745087 |

തുടർന്ന് ടി കുടിശ്ശികയിന്മേലുള്ള പിഴയും അതിന്മേലുള്ള പിഴപലിശയും ചേർത്ത് 2/22 ആയപ്പോഴേയ്ക്കും 657309 രൂപ കുടിശ്ശികയുള്ളതായി കാണിച്ച് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്നും യാതൊരു മുടക്കവും കൂടാതെ കൃത്യമായി തൻ മാസത്തെ ഡിമാന്റ് തുകകൾ അടച്ചിട്ടുണ്ട്. നിലവിൽ 6 ലക്ഷത്തിലധികം രൂപ കുടിശ്ശിക ഉണ്ടെന്നു കാണിച്ച് വാട്ടർ അതോറിറ്റി വാട്ടർ ചാർജ്ജ് ഡിമാന്റ് ചെയ്യുന്നതിനെതിരെ പഞ്ചായത്ത് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ വാട്ടർ അതോറിട്ടിക്ക് കത്തുനല്കി തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് വൻ ബാധ്യതയായി വെള്ളക്കരം കുടിശ്ശിക മാറുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.ഭരണ സമിതിയുടെ സജീവ ശ്രദ്ധയും സത്വര നടപടികളും

ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

1-17 ജനറേറ്ററിന്റെ ലോഗ് ബുക്കിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

ജനറേറ്ററിന്റെ ലോഗ് ബുക്കിൽ വാങ്ങുന്ന ഡീസലിന്റെ തുക രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. മാസത്തിന്റെ തുടക്കത്തിൽ ജനറേറ്ററിലുള്ള ഡീസൽ, തൻമാസം വാങ്ങിയ ഡീസൽ, പ്രവർത്തിച്ച സമയം, ഉപയോഗിച്ച ഡീസൽ, ജനറേറ്ററിൽ അവശേഷിക്കുന്ന ഡീസൽ തുടങ്ങിയ വിവരങ്ങളടങ്ങിയ സംക്ഷിപ്തം ഓരോ മാസാന്ത്യവും തയ്യാറാക്കിയിട്ടില്ല. ജനറേറ്ററിന്റെ ഇന്ധനക്ഷമത സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/8.03.2022) മറുപടി ലഭ്യമാക്കിയില്ല. ലോഗ് ബുക്കിൽ ആവശ്യമായ വിവരങ്ങൾ ചേർക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 മഴക്കാല പൂർവ ശുചീകരണം - 2019-20 – തൊഴിലാളികളുടെ കൂലി കണക്കാക്കിയതിൽ അപാകതകൾ

(I)പ്രവൃത്തി ദിനങ്ങളേക്കാൾ അധികമായി വേതനം നൽകി

വൌച്ചർ നം.21900372/19.08.2019

ചെലവ് - 170000/-(തനത് ഫണ്ട്)

മഴക്കാല പൂർവ ശുചീകരണത്തിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അഡ്വാൻസായി പി.എച്ച്.സി യ്ക്ക് നൽകുകയുണ്ടായി. മസ്റ്റർ റോൾ പരിശോധിച്ചതിൽ മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി വാർഡ് 9 ലെ തൊഴിലാളികളുടെ കൂലി നൽകിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| തൊഴിലാളിയുടെ പേര് | പ്രവൃത്തി കാലയളവ് | തൊഴിൽ ദിനങ്ങൾ | നിരക്ക് | നൽകിയ കൂലി | നൽകേണ്ട കൂലി | അധികം നൽകിയത് |
|---|---|---|---|---|---|---|
| വിജിത ബിനേഷ് | 10/9/2019 – 15/9/2019 | 6 | 271 | 1897/- (271x7) | 1626/- (271x6) | 271 |
| ഉഷാ ഗോപാലകൃഷ്ണൻ | 10/9/2019 – 14/9/2019 | 5 | 271 | 1626/- (271x6) | 1355 (271x5) | 271 |
| ബീന സുരേഷ് | 10/9/2019 – 14/9/2019 | 5 | 271 | 1626/- (271x6) | 1355 (271x5) | 271 |
| മിയ ബിനു | 10/9/2019 – 14/9/2019 | 5 | 271 | 1626/- (271x6) | 1355 (271x5) | 271 |
| പ്രശോഭ ബിബിൻ | 10/9/2019 – 14/9/2019 | 5 | 271 | 1626/- (271x6) | 1355 (271x5) | 271 |
| സുജ സൂസൻ | 10/9/2019 – 14/9/2019 | 5 | 271 | 1626/- (271x6) | 1355 (271x5) | 271 |
| | ആകെ | | | | | 1626/- |

അപാകതയിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/15.03.2022) ക്ലറിക്കൽ

തകരാറുമൂലം മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ചെയ്ത പ്രവർത്തിയ്ക്ക് മാത്രമാണ് കൂലി നൽകിയിട്ടുള്ളതെന്നും മെഡിക്കൽ ഓഫീസർ മറുപടി നൽകി. ടി മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ തുക (1626/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(Ii)ഒരേ പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിൽ കൂലി നൽകി
ശുചീകരണ പ്രവൃത്തിയിൽ പങ്കെടുത്ത തൊഴിലാളികൾക്ക് ഏകീകൃത നിരക്കിലല്ല കൂലി നൽകിയിരിക്കുന്നത്. ഉദാഹരണമായി ഓഡിറ്റ് വർഷം കൂടുതൽ പ്രവൃത്തികൾക്കും 271 രൂപ നിരക്കിൽ കൂലി നൽകിയെങ്കിലും 11.03.2020 മുതൽ 12.03.2020 വരെ നടന്ന 10-ാം വാർഡ് ശുചീകരണ പ്രവൃത്തിയിൽ 17 പ്രവർത്തി ദിനങ്ങൾക്ക് പ്രതി ദിനം 291 രൂപ നിരക്കിലും 24.12.2019 മുതൽ 27.12.2019 വരെ നടന്ന 11-ാം വാർഡ് ശുചീകരണ പ്രവൃത്തിയിൽ 16 പ്രവൃത്തി ദിനങ്ങൾക്ക് പ്രതിദിനം 310 രൂപ നിരക്കിലും 11.5.2019, 13.5.2019 മുതൽ 14.5.2019 വരെ നടന്ന 12-ാം വാർഡ് ശുചീകരണ പ്രവൃത്തിയിൽ 34 പ്രവൃത്തി ദിനങ്ങൾക്ക് പ്രതിദിനം 283 രൂപ നിരക്കിലുമാണ് കൂലി നൽകിയിട്ടുള്ളത്. വ്യത്യസ്ത ദിവസങ്ങളിൽ വ്യത്യസ്ത നിരക്കിൽ കൂലി നൽകിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/15.03.2022) ജോലിയുടെ സ്വഭാവമനുസരിച്ച് വ്യത്യസ്ത നിരക്കിൽ കൂലി നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. ഇത്തരം പ്രവൃത്തിയിൽ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി ഏകീകൃത നിരക്കിൽ കൂലി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - തുക നൽകിയെങ്കിലും പ്രിന്റർ ലഭിച്ചില്ല

പ്രോജ. നം. 181/2019-20, വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 60000/-

ചെലവ് - 54855/- (നോൺ റോഡ്)

ബിൽ നം.17/18.1.2020, 18/18.1.2020

വി.ഇ.ഒ ഓഫീസിലേക്ക് കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടറും പ്രിന്ററും സി.പി.സി.ആർ.സി.എസ് മുഖേന വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രിന്റർ ലഭിച്ചിട്ടില്ല. ലഭിച്ച കമ്പ്യൂട്ടർ പ്രവർത്തന ക്ഷമമല്ലാതെ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം കമ്പ്യൂട്ടറിന് 40129/- രൂപയും പ്രിന്ററിന് 14726/- രൂപയും വില രേഖപ്പെടുത്തിയിട്ടുണ്ട്. ബിൽ പരിശോധിച്ചതിൽ കമ്പ്യൂട്ടറിന് 5 വർഷത്തെ സൈറ്റ് വാറണ്ടി രേഖപ്പെടുത്തിയിട്ടുണ്ട്. വാറണ്ടി കാലയളവിൽ കേടായിട്ടും ലഭിച്ച കമ്പ്യൂട്ടർ സൌജന്യമായി റിപ്പയർ ചെയ്ത് ശരിയാക്കാൻ നടപടി സ്വീകരിച്ചില്ല. ലഭിക്കാനുള്ള പ്രിന്റർ ലഭ്യമാക്കാനായി കെൽട്രോണിലേക്ക് കത്തിടപാടുകൾ നടത്തിയതായി രേഖയില്ല. ലഭിച്ച കമ്പ്യൂട്ടർ സ്റ്റോക്കിൽ എടുത്തിട്ടില്ല. പ്രിന്റർ ലഭിക്കാതിരുന്നതിനാൽ നൽകിയ പ്രിന്ററിന്റെ വില കെൽട്രോണിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചതായും രേഖയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/9.03.2019) മറുപടി ലഭ്യമായില്ല. വാറണ്ടി കാലയളവായതിനാൽ കേടായ കമ്പ്യൂട്ടർ ശരിയാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും പ്രിന്റർ അടിയന്തിരമായി ലഭ്യമാക്കാത്തപക്ഷം പ്രിന്റർ വാങ്ങാനായി നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. ലഭിക്കാനുള്ള പ്രിന്ററിന്റെ ചെലവ് (14726/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പഠനമുറി നിർമ്മാണം (എസ്.റ്റി) - വാല്യവേഷൻ ലഭിച്ചില്ല

പ്രോജ. നം. 66/2019-20, പഠനമുറി നിർമ്മാണം (എസ്.റ്റി)

അടങ്കൽ - 200000/-

ചെലവ് - 200000/- (TSP)

ബിൽ നം. 15/23.12.2019, 33/17.2.2020, 47/27.3.2020

വി.ഇ.ഒ നിർവഹണം നടത്തിയ പ്രോജക്ടിൽ ശ്രീമതി. സിസിലി രാജൻ, ഞാറയ്ക്കൽ (വാർഡ് 2) എന്ന ഗുണഭോക്താവ് പഠന മുറി നിർമ്മാണത്തിനായി 2 ലക്ഷം രൂപ കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കി വാല്യുവേഷൻ ലഭിച്ചതായി കാണുന്നില്ല. വ്യക്തിഗത ആനുകൂല്യം കൈപ്പറ്റുന്ന ഇത്തരം ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ (പ്രോജക്ട് അടിസ്ഥാനത്തിലുള്ളത്) സൂക്ഷിച്ചിട്ടില്ല.ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/9.03.2019) മറുപടി ലഭ്യമായില്ല. വാല്യുവേഷൻ ലഭ്യമാകുന്നതുവരെ ചെലവ് തുക (200000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 വീട് വാസയോഗ്യമാക്കൽ - ചെലവ് രേഖകൾ അപൂർണ്ണം

(I)പ്രോജ. നം.64/2019-20, വീട് വാസയോഗ്യമാക്കൽ

നിർവഹണം - വി.ഇ.ഒ

അടങ്കൽ - 2550000/-

ചെലവ് - 2290390/- (എസ്.സി.പി)

ബിൽ നം.10, 11, 13, 21, 22, 23, 24, 26, 28, 35, 40, 42, 46

ടി പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്രമ നം. 1 മുതൽ 13 വരെയുള്ള ഗുണഭോക്താക്കൾക്ക് എസ്.സി വകുപ്പിൽ നിന്നും മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സർട്ടിഫിക്കറ്റ് ലഭ്യമല്ല. ക്രമ നം.11 ലെ ഗുണഭോക്താവിന്റെ പിതാവും വീട്ടുടമസ്ഥനുമായ ശ്രീ.കെ.റ്റി.രാജു സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥനാണെന്ന് റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമ നം. 1, ക്രമ നം. 3 എന്നിവർ കരാർ വെച്ചിട്ടില്ല. ക്രമ നം.6 ന് വാല്യുവേഷൻ ലഭിച്ചില്ല. തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വാർഡ് | കൈപ്പറ്റിയ തുക |
|---|---|---|
| 1. | അശോകൻവി.എസ്, വാർഡ് 4 | 150000 |
| 2. | സുനുമോൻ, വാർഡ് 1 | 150000 |
| 3. | ബാബുക്കുട്ടൻ.പി.കെ, വാർഡ് 15 | 150000 |
| 4 | ഷാജി.വി.എം, വാർഡ് 17 | 150000 |
| 5 | ഗീതമ്മ ജനാർദ്ധനൻ, വാർഡ് 8 | 150000 |
| 6 | പി.എം. രാജപ്പൻ, വാർഡ് 16 | 100000 |
| 7 | അമ്മാളുക്കുട്ടി, വാർഡ് 4 | 150000 |
| 8 | തങ്കമ്മ, വാർഡ് 5 | 150000 |
| 9 | രവീന്ദ്രൻ.പി.ജെ, വാർഡ് 2 | 150000 |
| 10 | അയ്യപ്പൻ പാപ്പിയമ്മ, വാർഡ് 6 | 150000 |
| 11 | ശരത്.കെ.രാജു, വാർഡ് 2 | 100000 |
| 12 | മഹേഷ്. പി.എം, വാർഡ് 10 | 150000 |
| 13 | സാബു, വാർഡ് 3 | 50000 |

കൂടാതെ വ്യക്തിഗത ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ പ്രോജക്ട് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇതേ ആനുകൂല്യം മുൻ വർഷങ്ങളിൽ ഇതേ ഓഫീസിൽ നിന്ന് കൈപ്പറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/9.03.2019) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പൂർണ്ണമായി ഹാജരാക്കുന്നതുവരെ ചെലവ് തുക (2290390/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ii)പ്രോജ. നം.169/2019-20, വീട് വാസയോഗ്യമാക്കൽ (സ്പിൽ ഓവർ)

ചെലവ് - 300000/- (SCP-210000+Own Fund – 90000)

ബിൽ നം.2/24.5.2019, 7/16.7.2019

വി.ഇ.ഒ നിർവഹണം നടത്തിയ ടി പ്രോജക്ടിൽ 5 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ (എസ്.സി.പി) നിന്നുള്ള തുക ഈ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് ചെലവ് രേഖകൾ (90000/-) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/9.03.2019) മറുപടി ലഭ്യമായില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ തനത് ഫണ്ടിൽ നിന്നുള്ള ചെലവ് തുക (90000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(iii)പ്രോജ. നം.183/2019-20, വീട് അറ്റകുറ്റപ്പണി (സ്പിൽ ഓവർ)

അടങ്കൽ - 75000/-

ചെലവ് - 75000/- (TSP-65000+Own Fund - 10000)

ബിൽ നം. - 9/2019-20 തീയതി 16.07.2019

വി.ഇ.ഒ നിർവഹണം നടത്തിയ ടി പ്രോജക്ടിൽ ശ്രീ.കൊച്ചുരാമൻ കുട്ടൻ, വലിയ്യഴത്തിൽ (വാർഡ് 13) എന്ന ഗുണഭോക്താവ് വീട് അറ്റകുറ്റപ്പണിയ്ക്കായി 75000/- രൂപ കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കി വാലുവേഷൻ ലഭിച്ചതായി കാണുന്നില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട തനത് ഫണ്ട് ചെലവ് രേഖകൾ (10000/-) പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വ്യക്തിഗത ആനുകൂല്യം കൈപ്പറ്റുന്ന ഇത്തരം ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ (പ്രോജക്ട് അടിസ്ഥാനത്തിലുള്ളത്) സൂക്ഷിച്ചിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/9.03.2019) മറുപടി ലഭ്യമായില്ല. വാലുവേഷന്റേയും ചെലവ് രേഖകളുടേയും അഭാവത്തിൽ ചെലവ് തുക (75000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 വൃദ്ധർക്ക് കട്ടിൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

പ്രോജ. നം.47/2020, വൃദ്ധർക്ക് കട്ടിൽ

അടങ്കൽ - 17300/-

ചെലവ് - 17300/- (എസ്.സി.പി)

ബിൽ നം.5/22.02.2020

അസി. സെക്രട്ടറി നിർവഹണം നടത്തിയ ടി പ്രോജക്ടിൽ കട്ടിൽ ലഭിച്ച ചിന്ന, പൊടിമറ്റത്തിൽ (വാർഡ് 7) എന്ന ഗുണഭോക്താവിന്റെ കുടുംബത്തിൽ സർക്കാർ ഉദ്യോഗസ്ഥനായ മകൻ ഉള്ളതായി റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാനദണ്ഡപ്രകാരം നിർധനർക്ക് അനുവദിക്കേണ്ട ഇത്തരം ആനുകൂല്യങ്ങൾ വരുമാന പരിധി പരിഗണിക്കാതെ ഏതാനും പേർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ ക്വട്ടേഷനിൽ ഫർണീച്ചറിന്റെ വാറണ്ടി, തടിയുടെ ഇനം, നീളം, വീതി തുടങ്ങിയ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/8.03.2022) മേൽപ്പറഞ്ഞ ഗുണഭോക്താവ് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടയാളാണെന്നും ഗുണഭോക്താവിന്റെ മകൻ സർക്കാർ അധീനതയിലുള്ള ഫാമിൽ

തൊഴിലാളിയാണെന്നും തുച്ഛ വരുമാനം മാത്രമുള്ളതിനാലാണ് ഗ്രാമസഭ തെരഞ്ഞെടുത്തത് എന്നും ക്വട്ടേഷനിലെ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. സബ്സിഡി മാനദണ്ഡം പാലിച്ച് മാത്രം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും നിർധനരും അർഹരുമായവർക്ക് മുൻഗണനാക്രമം പാലിച്ച് ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-23 കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്ത മരാമത്ത് പ്രവൃത്തികൾ-നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ സമയക്രമം പാലിക്കാത്തതിന് നിയമാനുസൃത പിഴ ഈടാക്കാത്തതായി കാണുന്നു. കരാർ പ്രകാരം, കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം കരാർ തുകയുടെ 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കേരള പൊതുമരാമത്ത് വകുപ്പ് മാ

1.

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | YMAവാര്യത്ത് പടി റോഡ് റീ ടാറിംഗ് 192/2020 |
| കരാറുകാരൻ | കൊച്ചുമോൻ.എം.കുര്യൻ |
| കരാർനമ്പർ/തീയതി | 76/AE/LSGD /MNRD/17-18 Dt.11.10.2017 |
| അടങ്കൽ | 143703/-(മെയിന്റനൻസ് ഗ്രാന്റ് ) |
| നികുതി അടക്കം ആകെ ചെലവ് | 142765/- |
| ബിൽ നം തീയതി | 21/17.07.2019 |
| പൂർത്തീകരണ സമയം | 3 മാസം |
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി (കരാർ വച്ച് 20 ദിവസം) | 31.10.2017 |
| പൂർത്തീകരിക്കേണ്ട തീയതി | 31.01.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(25% ഗ്രേസ് പിരീഡ്) | 23.02.2018 |
| പൂർത്തിയായത് | 04.04.2019 |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന പിഴ | 7%- 9993 |
| ഈടാക്കിയ പിഴ | 2856 |
| കുറവ് | 7137 |

2.

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | മറ്റക്കണ്ടത്തിൽപടി കോമളശ്ശേരിറോഡ് റീടാറിംഗ്<br>191/2020 |
| കരാറുകാരൻ | കൊച്ചുമോൻ.എം.കുര്യൻ |
| കരാർനമ്പർ/തീയതി | 75/AE/LSGD/MNRD/17-18 Dt.11.10.2017 |
| അടങ്കൽ | 181761/-(മെയിന്റനൻസ് ഗ്രാന്റ് ) |
| നികുതി അടക്കം ആകെ ചെലവ് | 166570/- |
| ബിൽ നം തീയതി | 19/17.07.2019 |
| പൂർത്തീകരണ സമയം | 3 മാസം |
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി<br>(കരാർ വച്ച് 20 ദിവസം) | 31.10.2017 |
| പൂർത്തീകരിക്കേണ്ട തീയതി | 31.01.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 18.02.2018 |
| പൂർത്തിയായത് | 04.04.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 7%- 11659 |
| ഈടാക്കിയ പിഴ | 3332 |
| കുറവ് | 8327 |

3.

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | വട്ടമലപ്പടി ചെല്ലിമറ്റത്തിൽറോഡ് റീടാറിംഗ്<br>199/2020 |
| കരാറുകാരൻ | കൊച്ചുമോൻ.എം.കുര്യൻ |
| കരാർനമ്പർ/തീയതി | 77/AE/LSGD/MNRD/17-18 Dt.11.10.2017 |
| അടങ്കൽ | 104328/-(മെയിന്റനൻസ് |

| | |
|---|---|
| | ഗ്രാന്റ് ) |
| നികുതി അടക്കം ആകെ ചെലവ് | 104327/- |
| ബിൽ നം തീയതി | 20/17.07.2019 |
| പൂർത്തീകരണ സമയം | 3 മാസം |
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി<br>(കരാർ വച്ച് 20 ദിവസം) | 31.10.2017 |
| പൂർത്തീകരിക്കേണ്ട തീയതി | 31.01.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 18.02.2018 |
| പൂർത്തിയായത് | 08.04.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 7%- 7302 |
| ഈടാക്കിയ പിഴ | 2086 |
| കുറവ് | 5216 |

4.

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | ഫിറ്റ് വെൽ നടപ്പാത കോൺക്രീറ്റിംഗ്<br>246/2020 |
| കരാറുകാരൻ | കെ.എ.ചെറിയാൻ |
| കരാർനമ്പർ/തീയതി | 108/AE/LSGD/MNRD/18-19 Dt.26.12.2018 |
| അടങ്കൽ | 100000/-(മെയിന്റനൻസ് ഗ്രാന്റ് ) |
| നികുതി അടക്കം ആകെ ചെലവ് | 90613/- |
| ബിൽ നം തീയതി | 57/31.01.2020 |
| പൂർത്തീകരണ സമയം | 3 മാസം |
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി<br>(കരാർ വച്ച് 20 ദിവസം) | 15.01.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 15.04.2019 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 03.05.2019 |
| പൂർത്തിയായത് | 23.12.19 |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന പിഴ | 3%-2718 |
| ഈടാക്കിയ പിഴ | ഇല്ല |
| കുറവ് | 2718 |

മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

5.

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | 239/20 മറ്റത്തിൽപടി ബാങ്ക്പടി റോഡ് റീടാറിംഗ് |
| കരാറുകാരൻ | പി.എ.ചെറിയാൻ |
| കരാർനമ്പർ/തീയതി | 110/AE/LSGD/MNRD /18-19 Dt.26.12.2018 |
| അടങ്കൽ | -(മെയിന്റനൻസ് ഗ്രാന്റ് ) |
| കരാർ തുക | പി.എ.ചെറിയാൻ |
| നികുതി അടക്കം ആകെ ചെലവ് | 257985/- |
| ബിൽ നം തീയതി | 56/31.01.2020 |
| പൂർത്തീകരണ സമയം | 3 മാസം |
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി (കരാർ വച്ച് 20 ദിവസം) | 15.01.2019 |
| പൂർത്തീകരിക്കേണ്ട തീയതി | 15.04.2019 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 03.05.2019 |
| പൂർത്തിയായത് | 21.12.19 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 3%- 7740 |
| ഈടാക്കിയ പിഴ | ഇല്ല |
| കുറവ് | 7740 |

കൂടാതെ പ്രസ്തുത പ്രവൃത്തിക്കായി 7 വീപ്പ ടാർ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും കാലി വീപ്പയുടെ വിലയും (7*267-1869)കുറവ് ചെയ്തിട്ടില്ല. നിയമാനുസൃത പിഴയായ 7740 രൂപയും കാലി ബാരലിന്റെ വിലയായ 1869 രൂപയും ചേർത്ത് ആകെ 9609 രൂപ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-24 ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെയും നിയമാനുസൃത പിഴ ഈടാക്കാതെയും തുക നല്കി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെൻഡർ വ്യതിയാനം കുറവ് ചെയ്യാത്തതായും കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്തതിന് നിയമാനുസൃത പിഴ ഈടാക്കാത്താതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (കേരള പൊതുമരാമത്ത് വകുപ്പ്

മാന്വൽ (പുതുക്കിയത്) ജി.ഒ(പി)B/2012/PWD/01.02.2012 ഭാഗം II സെക്ഷൻ 2009.6 പ്രകാരം)

1.(a)

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | മാലം സ്കൂൾ കിഴക്കേടത്ത് പടി കൾവെർട്ട് സ്ളാബ്<br>196/2020 |
| കരാറുകാരൻ | രാജു എബ്രഹാം |
| കരാർനമ്പർ/തീയതി | 86/AE/LSGD/MNRD/17-18 Dt.4.11.2017 |
| അടങ്കൽ | 223201/-(മെയിന്റനൻസ് ഗ്രാന്റ് ) |
| കരാർ തുക | 200547 |
| നികുതി അടക്കം ആകെ ചെലവ് | 178378/- |
| ബിൽ നം തീയതി | 40/18.12.2019 |
| ടെൻഡർ വ്യതിയാനം | 10.15% കുറവ് |
| ആകെ വേലമൂല്യം | 178378 |
| കരാറുകാരന് നല്കിയ തുക | 171242/- |
| ടെൻഡർ വ്യതിയാനം പ്രകാരം കുറവു ചെയ്യേണ്ടിയിരുന്ന തുക | 18105 |

കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം കരാർ തുകയുടെ 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴയും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1.(b)

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 24.11.17<br>(കരാർ വച്ച് 20 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 23.02.2018 ( 3 മാസം) |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 13.03.2018 |
| പൂർത്തിയായത് | 30.4.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 12.06.2018 വരെ 1% - 2005 രൂപ<br>12.09.2018 വരെ 2%- 4010 രൂപ<br>12.12.2018 വരെ |

| | |
|---|---|
| | 2%- 4010 രൂപ<br>തുടർന്ന് 2% =4010<br>ആകെ<br>14035/-രൂപ |
| ഈടാക്കിയ പിഴ | ഇല്ല |
| കുറവ് | 14035 |

ഇപ്രകാരം ടെൻഡർ വ്യതിയാനമിനത്തിലെ 18105രൂപയും പിഴയിനത്തിലെ 14035 രൂപയും ഉൾപ്പെടെ 32140 രൂപ കരാറുകാരന് അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അധികം നല്കിയ 32140 രൂപ തിരികെ ഈടാക്കേണ്ടതാണ് .

2.(a)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | മുത്തൻമുക്ക് ഉള്ളാട്ട്പടി റോഡ് റീ ടാറിംഗ്<br>/2020 |
| കരാറുകാരൻ | ഷാജിഎബ്രഹാം |
| കരാർനമ്പർ/തീയതി | 28/AE/LSGD/MNRD/18-19 Dt.07.09.2018 |
| അടങ്കൽ | 400000/-(മെയിന്റനൻസ് ഗ്രാന്റ് ) |
| കരാർ തുക | 395920 |
| നികുതി അടക്കം ആകെ ചെലവ് | 389945/- |
| ബിൽ നം തീയതി | 17/12.07.2019 |
| ടെൻഡർ വ്യതിയാനം | 1.02% കുറവ് |
| ആകെ വേലമൂല്യം | 389945 |
| കരാറുകാരന് നല്കിയ തുക | 370874/- |
| ടെൻഡർ വ്യതിയാനം പ്രകാരം കുറവു ചെയ്യേണ്ടിയിരുന്ന തുക | 3977 |

സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴയും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

2(b)

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 27.09.2018<br>(കരാർ വച്ച് 20 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 27.12.2018 ( 3 മാസം) |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 15.01.2019 |
| പൂർത്തിയായത് | 27.03.2019 |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന പിഴ | 3959 |
| ഈടാക്കിയ പിഴ | ഇല്ല |
| കുറവ് | 3959 |

ഇപ്രകാരം ടെൻഡർ വ്യതിയാനമിനത്തിലെ 3977രൂപയും പിഴയിനത്തിലെ 3959 രൂപയും ഉൾപ്പെടെ 7936 രൂപ കരാറുകാരന് അധികം നല്കിയതിന് വിശദീകരണം അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അധികം നല്കിയ 7936 രൂപ തിരികെ ഈടാക്കേണ്ടതാണ് .

### 1-25 ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക അധികം നല്കി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | മങ്ങാട്ടുചിറ പൂപ്പടക്കുന്ന് റോഡ് റീ ടാറിംഗ് 235/2020 |
| കരാറുകാരൻ | സാബു സെബാസ്റ്റ്യൻ |
| കരാർനമ്പർ/തീയതി | 51/AE/LSGD/MNRD/18-19 Dt.11.10.2018 |
| അടങ്കൽ | 300000/-(മെയിന്റനൻസ് ഗ്രാന്റ് ) |
| നികുതി അടക്കം ആകെ ചെലവ് | 289952/- |
| ബിൽ നം തീയതി | 12/05.07.2019 |
| ടെൻഡർ വ്യതിയാനം | 1.2% കുറവ് |
| ആകെ വേലമൂല്യം | 289952 |
| ടെൻഡർ വ്യതിയാനം പ്രകാരം കുറവു ചെയ്യേണ്ടിയിരുന്ന തുക | 3479 |
| കരാറുകാരന് നല്കിയ തുക | 273850/- |
| കരാറുകാരന് നല്കേണ്ട തുക | 270371/- |

ഇപ്രകാരം ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് 3479 രൂപ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ് .

### 1-26 171-ാം നം. അങ്കണവാടി മുന്നൊരുക്കം -അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റ് നം | 254/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ -തനത് ഫണ്ട് | 31217 |
| ചെലവ് | 28374 |
| ചെക്ക് നം. | 2796779/4.3.2020 |
| കൺവീനർ | എബ്രഹാം ജോർജ്ജ് |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ആസൂത്രണം ചെയ്ത് 2019-20 ൽ നടപ്പാക്കിയ എന്ന നമ്പർ പ്രോജക്ട് 171-ാം നം അങ്കണവാടി മുന്നൊരുക്കം എന്ന പ്രോജക്ട് ഗുണഭോക്തൃസമിതിയാണ് നിർവ്വഹണം നടത്തിയത്. .മണ്ണ് ഫില്ലിംഗ് മാത്രം നടത്തിയിട്ടുള്ള പ്രവൃത്തിയിൽ 105.705m3 മണ്ണ് ഫില്ല് ചെയ്യുകയും തനത് ഫണ്ടിൽ നിന്നും 28374/- രൂപ( 105.705m3x268= 28374.39/-) ഈ ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡി.എസ്.ആർ സ്പെസിഫിക്കേഷൻസ് പ്രകാരം ഫില്ലിംഗിന്റെ 10% ടേപ്പ് മെഷർമെന്റ് കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഇവിടെ 105.705 M3 ന്റെ 10% 10.57കുറവ് ചെയ്തിരുന്നില്ല (105.705- 10.57-95.13 ).തന്മൂലം 95.13 M3 മണ്ണ് ഫില്ല് ചെയ്തതിനുള്ള തുക നല്കുന്നതിനു പകരം 105.705 M3 നുള്ള തുക നല്കി. ആയതിനാൽ 95.13m3 ന് 268 /ക്യൂ.മീ നിരക്കിൽ കണക്കാക്കാവുന്ന ആകെ വേല മൂല്യം 95.13*268-25495 രൂപ മാത്രമാണ്.

2. ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ നികുതി വിഹിതം അടവാക്കുന്നതിനാണ് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത് . ബിൽ പ്രകാരം 3% നികുതി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് . ജി എസ് ടി/വാറ്റ് അടവാക്കിയില്ലെങ്കിൽ 5% തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ് (സർക്കുലർ നമ്പർ DB3-9058/17 CE/LSGD Dt. 16-3-2018കാണുക). ആയതു പ്രകാരം ആകെ വേലമൂല്യത്തിന്റ 5% തുക 1185/-(17719/1.075 X0.05=1185/-) അധികം നല്കിയിട്ടുണ്ട്.

ആയതിനാൽ കൺവീനർക്ക് നല്കാവുന്ന തുക ചുവടെ ചേർക്കും പ്രകാരം കണക്കാക്കാവുന്നതാണ്

| | നല്കിയ തുക | നല്കാവുന്ന തുക |
|---|---|---|
| | 105.705m3x268=28374 | 95.13*268=25495 |
| കുറയ്ക്കുക | 568(ഐ.റ്റി)<br>284(KBOCWW) | 509(ഐ.റ്റി)<br>255(KBOCWW)<br>1185 (ജി.എസ്.ടി) |
| | 27522 | 23546 |

ഇപ്രകാരം 3976 രൂപ കൺവീനർക്ക് അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.അധികം നല്കിയ 3976 രൂപ തിരികെ ഈടാക്കേണ്ടതാണ് .

## 1-27 റീ ടാറിംഗ് പ്രവൃത്തികൾ- കാലിബാരലിന്റെ വില ഈടാക്കിയില്ല

2019-20 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് റീ ടാറിംഗ് പ്രവൃത്തികളുടെ ബിൽ തയ്യാറാക്കിയപ്പോൾ കാലി ബാരലുകളുടെ വില ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം | പ്രോജക്ട് | കരാറുകാരൻ | ബാരലിന്റെ എണ്ണം | ഫണ്ടിനം,ആകെ ചെലവ്,ബിൽ നം | ഈടാക്കേണ്ടതുക |
|---|---|---|---|---|---|
| 1 | 214/20- തടത്തിപ്പടി വാലേമറ്റം റോഡ് | സാബു സെബാസ്റ്റ്യൻ | 11 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 2937 |

| | | | | | |
|---|---|---|---|---|---|
| | റീടാറിംഗ്, | | | 191197,<br>55/13.1.20 | |
| 2 | 200/20<br>കൊല്ലംപറമ്പിൽപടി അങ്കണവാടി റോഡ്റീടാറിംഗ് | കുമാരി.കെ.എസ് | 10 | മെയിന്റനൻസ് ഫണ്ട് (റോഡ്),<br>192434<br>25/26.5.19 | 2670 |
| | ആകെ | | | | 5607 |

ആയതിനാൽ 5607 /- രൂപ കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിന്

വിശദീകരണം ലഭ്യമാക്ക ാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല .അധികം നല്കിയ തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെയും നിയമാനുസൃത പിഴ ഈടാക്കാതെയും തുക നല്കി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെൻഡർ വ്യതിയാനം കുറവ് ചെയ്യാത്തതായും കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്തതിന് നിയമാനുസൃത പിഴ ഈടാക്കാത്താതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (പുതുക്കിയത്) ജി.ഒ(പി)B/2012/PWD/01.02.2012 ഭാഗം II സെക്ഷൻ 2009.6 പ്രകാരം)

1.(a)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | മാലം സ്കൂൾ കിഴക്കേടത്ത് പടി കൾവെർട്ട് സ്ളാബ്<br>196/2020 |
| കരാറുകാരൻ | രാജു എബ്രഹാം |
| കരാർനമ്പർ/തീയതി | 86/AE/LSGD/MNRD/17-18 Dt.4.11.2017 |
| അടങ്കൽ | 223201/-(മെയിന്റനൻസ് ഗ്രാന്റ് ) |
| കരാർ തുക | 200547 |
| നികുതി അടക്കം ആകെ ചെലവ് | 178378/- |
| ബിൽ നം തീയതി | 40/18.12.2019 |

| | |
|---|---|
| ടെൻഡർ വ്യതിയാനം | 10.15% കുറവ് |
| ആകെ വേലമൂല്യം | 178378 |
| കരാറുകാരന് നല്കിയ തുക | 171242/- |
| ടെൻഡർ വ്യതിയാനം പ്രകാരം കുറവു ചെയ്യേണ്ടിയിരുന്ന തുക | 18105 |

കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം കരാർ തുകയുടെ 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴയും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

2.(a)

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | മുത്തൻമുക്ക് ഉള്ളാട്ട്പടി റോഡ് റീ ടാറിംഗ് /2020 |
| കരാറുകാരൻ | ഷാജിഎബ്രഹാം |
| കരാർനമ്പർ/തീയതി | 28/AE/LSGD/MNRD/18-19 Dt.07.09.2018 |
| അടങ്കൽ | 400000/-(മെയിന്റനൻസ് ഗ്രാന്റ് ) |
| കരാർ തുക | 395920 |
| നികുതി അടക്കം ആകെ ചെലവ് | 389945/- |
| ബിൽ നം തീയതി | 17/12.07.2019 |
| ടെൻഡർ വ്യതിയാനം | 1.02% കുറവ് |
| ആകെ വേലമൂല്യം | 389945 |
| കരാറുകാരന് നല്കിയ തുക | 370874/- |
| ടെൻഡർ വ്യതിയാനം പ്രകാരം കുറവു ചെയ്യേണ്ടിയിരുന്ന തുക | 3977 |

സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴയും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

## 3-2 ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക അധികം നല്കി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് തുക നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | മങ്ങാട്ടുചിറ പൂപ്പടക്കുന്ന് റോഡ് റീ ടാറിംഗ് 235/2020 |
| കരാറുകാരൻ | സാബു സെബാസ്റ്റ്യൻ |

| | |
|---|---|
| കരാർനമ്പർ/തീയതി | 51/AE/LSGD/MNRD/18-19 Dt.11.10.2018 |
| അടങ്കൽ | 300000/-(മെയിന്റനൻസ് ഗ്രാന്റ് ) |
| നികുതി അടക്കം ആകെ ചെലവ് | 289952/- |
| ബിൽ നം തീയതി | 12/05.07.2019 |
| ടെൻഡർ വ്യതിയാനം | 1.2% കുറവ് |
| ആകെ വേലമൂല്യം | 289952 |
| ടെൻഡർ വ്യതിയാനം പ്രകാരം കുറവു ചെയ്യേണ്ടിയിരുന്ന തുക | 3479 |
| കരാറുകാരന് നല്കിയ തുക | 273850/- |
| കരാറുകാരന് നല്കേണ്ട തുക | 270371/- |

ഇപ്രകാരം ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ കരാറുകാരന് 3479 രൂപ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ് .

3-3 171-ാം നം. അങ്കണവാടി മുന്നൊരുക്കം -അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം | 254/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ -തനത് ഫണ്ട് | 31217 |
| ചെലവ് | 28374 |
| ചെക്ക് നം. | 2796779/4.3.2020 |
| കൺവീനർ | എബ്രഹാം ജോർജ്ജ് |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ആസൂത്രണം ചെയ്ത് 2019-20 ൽ നടപ്പാക്കിയ എന്ന നമ്പർ പ്രോജക്ട് 171-ാം നം അങ്കണവാടി മുന്നൊരുക്കം എന്ന പ്രോജക്ട് ഗുണഭോക്തൃസമിതിയാണ് നിർവ്വഹണം നടത്തിയത്. .മണ്ണ് ഫില്ലിംഗ് മാത്രം നടത്തിയിട്ടുള്ള പ്രവൃത്തിയിൽ 105.705m3 മണ്ണ് ഫില്ല് ചെയ്യുകയും തനത് ഫണ്ടിൽ നിന്നും 28374/- രൂപ( 105.705m3x268= 28374.39/-) ഈ ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡി.എസ്.ആർ സ്പെസിഫിക്കേഷൻസ് പ്രകാരം ഫില്ലിംഗിന്റെ 10% ടേപ്പ് മെഷർമെന്റ് കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ ഇവിടെ 105.705 M3 ന്റെ 10% 10.57കുറവ് ചെയ്തിരുന്നില്ല (105.705- 10.57-95.13 ).തന്മൂലം 95.13 M3 മണ്ണ് ഫില്ല് ചെയ്തതിനുള്ള തുക നല്കുന്നതിനു പകരം 105.705 M3 നുള്ള തുക നല്കി. ആയതിനാൽ 95.13m3 ന് 268 /ക്യൂ.മീ നിരക്കിൽ കണക്കാക്കാവുന്ന ആകെ വേല മൂല്യം 95.13*268-25495 രൂപ മാത്രമാണ്.

2. ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ നികുതി വിഹിതം അടവാക്കുന്നതിനാണ് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത് . ബിൽ പ്രകാരം 3% നികുതി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് . ജി എസ് ടി/വാറ്റ് അടവാക്കിയില്ലെങ്കിൽ 5% തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ് (സർക്കുലർ നമ്പർ DB3-9058/17 CE/LSGD Dt. 16-3-2018കാണുക). ആയതു പ്രകാരം ആകെ വേലമൂല്യത്തിന്റെ 5% തുക 1185/-(17719/1.075 X0.05=1185/-) അധികം നല്കിയിട്ടുണ്ട്.

ആയതിനാൽ കൺവീനർക്ക് നല്കാവുന്ന തുക ചുവടെ ചേർക്കും പ്രകാരം കണക്കാക്കാവുന്നതാണ്

| | നല്കിയ തുക | നല്കാവുന്ന തുക |
|---|---|---|
| | 105.705m3x268=28374 | 95.13*268=25495 |
| കുറയ്ക്കുക | 568(ഐ.റ്റി)<br>284(KBOCWW) | 509(ഐ.റ്റി)<br>255(KBOCWW)<br>1185 (ജി.എസ്.ടി) |
| | 27522 | 23546 |

ഇപ്രകാരം 3976 രൂപ കൺവീനർക്ക് അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.അധികം നല്കിയ 3976 രൂപ തിരികെ ഈടാക്കേണ്ടതാണ് .

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 05.03.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | --- | 641250 | 178/20സോളാർലൈറ്റ് സ്ഥാപിക്കൽ | 641250 | ---- |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | --- | 100000 | 24/20 പുളിയാറിൽപ്പടി റോഡ് ടാറിംഗ് | 100000 | |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ---- | 199973 | 230/20തലമടക്കൽപടി റോഡ് ടാറിംഗ് | 199973 | |
| പാമ്പാടി | - | 51778 | 250/20പെരുമ്പഴക്കുന്ന് | 51778 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | കുടിവെള്ള പദ്ധതി | | |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ---- | 45758 | 248/20 ആരമലക്കുന്ന് കുടിവെള്ളപദ്ധതി | 45758 | |
| ആകെ | | | | 1038759 | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | --- | 100000 | 10/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | |
| ആകെ | | | | 100000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപപ്രവൃത്തികൾ ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4.5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി HUDCOയിൽ നിന്നും അനുവദിച്ച വായ്പ | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018--- | 28,80,000 | 291549 | ഇല്ല | ഇല്ല | 3171549 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15,51,064 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 100192 |
| ആകെ | 1651256 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1651256 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാനറ ബാങ്ക്, മണർകാട് അക്കൗണ്ട് നം. 0779401001414/17 | 1651256 |
| ആകെ | 1651256 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിഇനത്തിലെ വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വര്ഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2017-18 | 2-2-(c) | 2206 | മന്ന ഫുഡ്സ് | 119030101330/11.06.2019 |
| 2017-18 | 2-2-(c) | 1192 | മന്ന ഫുഡ്സ് | 119030102204/4.07.2019 |
| 2013-14 | 3-7 | 15000 | രമണി വല്ല്യേത്ത് | 119030103182/05.08.2019 |
| ആകെ | | 18398 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 3-4 | 2018-19 | കോട്ടയം ജില്ല-1 | ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നവീകരണ പ്രവത്തികൾ --പൊതു പണത്തിന്റെ ദുർവ്യയം | നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

2013-14 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം നിരാകരിച്ച 25,000/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി അനിത എ. തോമസിൽ നിന്ന് ഈടാക്കുന്നതിന് കെ.എസ്.എ. 12926/സ്പെ.സെൽ./സി.എസ്.സി.-സി13/2015 /30.12.2015 പ്രകാരം സർചാർജ്ജ് നോട്ടീസ് നൽകി. 9.11.2016-ലെ കെ.എസ്.എ. 12926/സ്പെ.സെൽ/ സി.എസ്.സി/സി13/2015 കത്ത് മുഖേന നഷ്ട തുക ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൻ പ്രകാരം 6.1.2017-ലെ കെ.എസ്.എ.കെ.ടി.എം. പി15/820/2016 കത്ത് മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച നടപടി ഇനിയും തീർപ്പാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 134396158.65 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :106243958.65 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29537 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2671742 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(a) | | 18105 | ദീപാ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2(a) | | 3977 | ദീപാ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | | 3479 | ദീപാ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | | 3976 | ദീപാ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 29537 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18(1) | 1626 | ഡോ.രമ്യ എൻ ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-19 | 14726 | സനമകുമാരി റ്റി എസ്, വി ഇ ഒ |
| 1-20 | 200000 | സനമകുമാരി റ്റി എസ്, വി ഇ ഒ |
| 1-21(1) | 2290390 | സനമകുമാരി റ്റി എസ്, വി ഇ ഒ |
| 1-21(2) | 90000 | സനമകുമാരി റ്റി എസ്, വി ഇ ഒ |
| 1-21(3) | 75000 | സനമകുമാരി റ്റി എസ്, വി ഇ ഒ |
| ആകെ | 2671742 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ദീപാ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് | വെള്ളാപ്പള്ളിയിൽ സൗത്ത് പാമ്പാടി പി.ഒ കോട്ടയം-686587 |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2003-04 | കെ എസ് എ കെടിഎം പി13-അദാ-18/189(1)1-2-18. | 3 |
| 2004-05 | കെ എസ് എ കെടിഎം പി13-അദാ-18/189(2)1-2-18. | 4 |
| 2005-06 | കെ എസ് എ കെടിഎം പി13-അദാ-18/189(3)1-2-18. | 3 |
| 2006-07 | കെ എസ് എ കെടിഎം പി13-അദാ-18/189(4)1-2-18. | 8 |
| 2007-08 | കെ എസ് എ കെടിഎം പി13-അദാ-18/189(5)1-2-18. | 6 |
| 2008-09 | കെ എസ് എ കെടിഎം പി13-അദാ-18/189(9)1-2-18. | 3 |
| 2009-10 | കെ എസ് എ കെടിഎം പി13-അദാ-18/189(7)1-2-18. | 2 |
| 2010-11 | കെ എസ് എ കെടിഎം പി13-അദാ-18/189(8)1-2-18. | 4 |
| 2011-12 | കെ എസ് എ കെടിഎം പി13-അദാ-18/189(6)1-2-18. | 4 |
| 2012-13 | എൽ.എഫ്.കെ.പി.12-291/16.03.2016 /28.03.2016 | 17 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12-241/16/16.03.16 /28.03.16 | 9 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13-1129/16 /29.05.17 | 24 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1737/16/21.11.16 | 23 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1384/17 /23.01.18 | 23 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി13-835/19 /16.09.2019 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി13-815/2021 /13/07/2021 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്